**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **30-09-2025 - ൽ മറുപടിയ്ക്ക്**

**അനധികൃത സൗന്ദര്യവർദ്ധക ചികിത്സാ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സൗന്ദര്യവർദ്ധക ചികിത്സയുടെ പേരിൽ അനധികൃത കേന്ദ്രങ്ങൾ വ്യാപകമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സൗന്ദര്യവർദ്ധക ചികിത്സ നടത്തുന്ന ചില സ്ഥാപനങ്ങളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.<br><br>• കോസ്മെറ്റിക് ഹോസ്പിറ്റൽ തിരുവനന്തപുരം<br>• കിയാര മെഡിക്കൽ എസ്തെറ്റിക് തിരുവനന്തപുരം<br>• Hair Tree Hair Transplantation എറണാകുളം<br>• ആൽഫ ഹീൽ (സ്കിൻ ആന്റ് ഹെയർ), തിരുവനന്തപുരം<br>• Grace dental and aesthetic clinic എന്ന സ്ഥാപനത്തിന്റെ തൊടുപുഴ, കരുനാഗപ്പള്ളി, കാലിക്കറ്റ് എന്നീ ശാഖകൾ<br>• La Density Hair Transplant centre എന്ന സ്ഥാപനത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ശാഖകൾ<br>• ACTYMED Aesthetics- ഇടുക്കി,<br>• Glow root Hair & Skin Clinic എറണാകുളം |
| (ബി) | ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും അനുമതി ആവശ്യമുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിന് വിധേയമായി പുറപ്പെടുവിച്ച 04.07.2025 തീയതിയിലെ G.O.(Ms)No.186/2025/H&FWD ഉത്തരവ് പ്രകാരം, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ സെക്ഷൻ 16(5) അനുസരിച്ച് ആക്റ്റ് ആരംഭിച്ചതിനുശേഷം സ്ഥാപിതമായ ക്ലിനിക്കൽ സ്ഥാപനങ്ങൾ, അവ സ്ഥാപിതമായ തീയതി മുതൽ |

| | | | |
|---|---|---|---|
| | | | ആറ് മാസത്തിനുള്ളിൽ സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അടിവയറ്റിലെ കൊഴുപ്പ് നീക്കം ചെയ്യുന്നതിനു നടത്തിയ ശസ്ത്രക്രിയയെ തുടർന്ന് യുവതിക്ക് വിരലുകൾ നഷ്ടമായതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോസ്മെറ്റിക് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിനെതിരെ ലഭ്യമായ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ ഇത് സംബന്ധിച്ച വ്യക്തമായതും കൃത്യമായതുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>• തിരുവനന്തപുരം നന്തൻകോട് സ്ഥിതി ചെയ്യുന്ന കിയാര മെഡിക്കൽ എസ്തെറ്റിക് ക്ലിനിക്കിനെതിരെ ലഭ്യമായ പരാതിയിന്മേൽ സമർപ്പിക്കപ്പെട്ട അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് വരുന്നു.<br>• കേരളത്തിലെ Hair Transplant നടത്തുന്ന ക്ലിനിക്കുകളിലെ ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് എല്ലാ ജില്ലാ രജിസ്റ്ററിങ് അതോറിറ്റികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. അതനുസരിച്ച് മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ച് വരികയാണ്.<br>• Hair Tree Hair Transplantation എറണാകുളം എന്ന സ്ഥാപനത്തിനെതിരെ ലഭ്യമായ പരാതിയിന്മേൽ ജില്ലാ രജിസ്റ്ററിങ് അതോറിറ്റി മുഖാന്തിരം അന്വേഷണം പുരോഗമിക്കുന്നു.<br>• ആൽഫ ഹീൽ (സ്കിൻ ആന്റ് ഹെയർ), തിരുവനന്തപുരം എന്ന സ്ഥാപനത്തിനെതിരെ ലഭ്യമായ പരാതി ജില്ലാ രജിസ്റ്ററിങ് അതോറിറ്റി മുഖാന്തിരം പരിശോധിച്ച് വരുന്നു.<br><br>ആൽഫ ഹീൽ (സ്കിൻ ആന്റ് ഹെയർ), തിരുവനന്തപുരം, Grace dental and aesthetic clinic എന്ന സ്ഥാപനത്തിന്റെ തൊടുപുഴ, കരുനാഗപ്പള്ളി, കോഴിക്കോട് എന്നീ ശാഖകൾ, La Density Hair Transplant centre എന്ന സ്ഥാപനത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ശാഖകൾക്കും ACTYMED Aesthetics- ഇടുക്കി, Glow root Hair & Skin Clinic എറണാകുളം എന്നീ സ്ഥാപനങ്ങൾക്കെതിരെയും പരാതികൾ |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുണ്ട്. ആയതിൻമേൽ അന്വേഷണം നടത്തുന്നതിന് ജില്ലാ രജിസ്റ്ററിങ് അതോറിറ്റികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കളെയും അനധികൃത കേന്ദ്രങ്ങളെയും നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് 16(1) പ്രകാരം ഈ ആക്ടിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ബന്ധപ്പെട്ട അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആക്ടിലെ സെക്ഷൻ 27 പ്രകാരം രജിസ്ട്രേഷൻ ചെയ്യാത്തതിനുള്ള ശിക്ഷയിലെ ഇനം (1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന ഏതൊരാളും, ആദ്യത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും പിന്നീടുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും തുടർച്ചയായ ലംഘനത്തിന്റെ കാര്യത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ എന്നതിന് വിധേയമായി ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന ഓരോ അധിക ദിവസത്തിനും പതിനായിരം രൂപ പണമായുള്ള പിഴ ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാത്തരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്കു വേണ്ടിയിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്സ് 20.04.2023 തീയതിയിൽ SRO 503/2023 വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഒരു ക്ലിനിക്കൽ സ്ഥാപനം സ്ഥിര രജിസ്ട്രേഷനു വേണ്ടി അപേക്ഷിക്കുമ്പോൾ അസ്സെസർമാർ രജിസ്ട്രേഷൻ നൽകുന്നതിനായി സ്ഥാപനങ്ങളിൽ നേരിട്ട് പോയി മിനിമം സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള നിലവാരം നിർണ്ണയിക്കുകയും അസ്സെസർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കി വരുന്നത്. കൂടാതെ വ്യാജ/ അനധികൃത സൗന്ദര്യവർദ്ധക വസ്തുക്കൾ കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ സൗന്ദര്യ എന്ന പേരിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിതരണം ചെയ്യുന്ന സൗന്ദര്യ വർദ്ധക വസ്തുക്കൾ പലതും വ്യാജ നിർമ്മിതവും നിയമപരമല്ലാതെ ഇറക്കുമതി ചെയ്യുന്നതുമാണെന്ന വാർത്തയെ തുടർന്ന് ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വകുപ്പിലെ എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും |

സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ സൗന്ദര്യ- PHASE I" എന്ന പേരിൽ 2023 ഫെബ്രുവരി 14 മുതൽ 17 വരെ റെയ്ഡ് നടത്തുകയുണ്ടായി. പ്രസ്തുത റെയ്ഡിൽ, വിവിധ ജില്ലകളിലായി 59 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കോസ്മെറ്റിക്സ് റൂൾ 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള "Misbranded Cosmetics, മതിയായ കോസ്മെറ്റിക്സ് നിർമ്മാണ ലൈസൻസുകൾ ഇല്ലാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ളതും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിലെ യാതൊരു വിധ മാനദണ്ഡങ്ങളും പാലിക്കാതെ വിപണിയിൽ എത്തിച്ചിരുന്ന 5,09,303 രൂപയോളം വിലപിടിപ്പുള്ള വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ പിടിച്ചെടുക്കുകയും 18 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട് .

കൗമാരപ്രായക്കാരിലും കുട്ടികളിലും ഫെയ്സ് ക്രീമുകളുടെ അമിത ഉപയോഗം മൂലം ത്വക്ക്, കിഡ്നി സംബന്ധമായ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി 2023 Sepetember മാസം 29, 30 തീയതികളിൽ ഓപ്പറേഷൻ സൗന്ദര്യ PHASE-II എന്ന പേരിൽ നടത്തിയ റെയ്ഡിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ആകെ 30-ഓളം വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, കോസ്മെറ്റിക്സ് റൂൾ 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ളതും, അന്യരാജ്യങ്ങളിൽ നിന്ന് അനധികൃതമായി ഇറക്കുമതി ചെയ്തിട്ടുള്ളതുമായ "Misbranded Cosmetics, മതിയായ കോസ്മെറ്റിക്സ് നിർമ്മാണ ലൈസൻസുകൾ ഇല്ലാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ളതും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിലെ യാതൊരു വിധ മാനദണ്ഡങ്ങളും പാലിക്കാതെ വില്പനയ്ക്കായി സൂക്ഷിച്ചിരുന്നതുമായ 2,50,000/-രൂപയോളം വിലപിടിപ്പുള്ള സൗന്ദര്യ വർദ്ധക വസ്തുക്കൾ പിടിച്ചെടുക്കുകയും, 15-ഓളം കേസുകൾ രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്. കൂടാതെ, skin creams വിഭാഗത്തിൽ ഉൾപ്പെടുന്ന കോസ്മെറ്റിക് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി ഈ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിട്ടുമുണ്ട്. പരിശോധനയ്ക്ക് വിധേയമാക്കിയ ലിപ്സ്റ്റിക്, ഫെയ്സ് ക്രീം സാമ്പിളുകളിൽ അനുവദനീയമായതിൽ കൂടുതൽ മെർക്കുറിയുടെ അംശം കണ്ടെത്തിയിരുന്നു.

അന്യരാജ്യങ്ങളിൽ നിന്ന് അനധികൃതമായി ഇറക്കുമതി ചെയ്തിട്ടുള്ളതും, അന്യ സംസ്ഥാനങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഇത്തരം ഉല്പന്നങ്ങൾ ആധികാരികമായ രേഖകൾ ഇല്ലാതെയാണ് സംസ്ഥാനത്ത് എത്തിക്കുന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സൗന്ദര്യ വർദ്ധക വസ്തുക്കളുടെ തെറ്റിദ്ധരിപ്പിക്കുന്നതും, തെറ്റിദ്ധാരണാജനകവുമായ ലേബലിലെ പരസ്യപ്രചാരണവും ഇത്തരം വസ്തുതകളിൽ പൊതുജനങ്ങൾ ആകൃഷ്ടരാകുകയും, ആയതിന്റെ നിയന്ത്രണാതീതമായ ഉപയോഗം വിവിധ ചർമ്മ രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. ബ്രാൻഡഡ് കമ്പനികളുടെ പേരിൽ വ്യാജ നിർമ്മിതമായ ഇത്തരം ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാനുള്ള സാഹചര്യവും നിലവിലുണ്ട്. പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന വിധം വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ കുത്തൊഴുക്ക് സംസ്ഥാനത്ത് നിയന്ത്രിക്കേണ്ടത് അനിവാര്യമായതുകൊണ്ട് തന്നെ പരിശോധനകൾ ഊർജ്ജിതമാക്കി നിയമം ലംഘിക്കുന്നവർക്കെതിരെ വകുപ്പ് കർശനനടപടികൾ വരും നാളുകളിലും സ്വീകരിക്കുന്നതാണ്. ഇത്തരം വ്യാജ നിർമ്മിതവും, ഗുണനിലവാരമില്ലാത്തതുമായ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ ഉപയോഗം ബോധപൂർവ്വം കൈകാര്യം ചെയ്യണമെന്ന് പൊതുജനങ്ങളോടും ആയവ വില്പനയ്ക്കായി വ്യാപാരികൾ വാങ്ങി സൂക്ഷിക്കുന്നത് നിയമ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണമെന്നും ഡ്രഗ്സ് കൺട്രോളർ മുഖേന അറിയിപ്പ് നൽകുന്നു.

ഓപ്പറേഷൻ സൗന്ദര്യയുടെ മൂന്നാം ഘട്ടത്തിൽ 12 സ്ഥാപനങ്ങൾക്കെതിരെ കേസ് എടുക്കുകയും ഒന്നര ലക്ഷത്തിൽ അധികം രൂപയുടെ സൗന്ദര്യ വർദ്ധക വസ്തുക്കൾ പിടിച്ചെടുക്കുകയും ചെയ്തു. സംസ്ഥാനത്താകെ 101 സ്ഥാപനങ്ങളിൽ പരിശോധന നടത്തി ലിപ്സ്റ്റിക്, ഫെയ്സ് ക്രീം, ബേബി പൗഡർ, ബേബി സോപ്പ്, ബേബി ഓയിൽ തുടങ്ങിയവ ലാബ് പരിശോധനയ്ക്ക് 59 സാമ്പിളുകൾ അയച്ചു. മതിയായ ലൈസൻസുകളോ 2020 ലെ കോസ്മെറ്റിക്സ് ചട്ടങ്ങളോ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെയാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത്. സൗന്ദര്യ വർദ്ധക വസ്തുക്കൾ വാങ്ങുന്നവർ അവ ലൈസൻസോടെ നിർമിച്ചതാണോ എന്നും നിർമ്മാതാവിന്റെ വിലാസം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും പരാതിയുള്ളവർക്ക് ടോൾ ഫ്രീ നമ്പർ 18004253182 ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ